"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ബഡ്ജറ്റ് പ്രവൃത്തി - 2024-25 - പാലക്കാട് ജില്ല തരൂർ നിയമസഭാ മണ്ഡലം- '**കുന്നത്തൂർ ചിറക്കോട് പാലം (കുന്നത്തൂർ പഞ്ചായത്ത്) നിർമ്മാണം**' എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി.) വകുപ്പ്**

സ.ഉ.(സാധാ) നം.2991/2025/LSGD തീയതി,തിരുവനന്തപുരം, 19-12-2025

---

പരാമർശം:- 1. 28.04.2021-ലെ സ.ഉ.(അച്ചടി) നം.67/2021/ധന.

2. തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 07.10.2025-ലെ LSGD/PD/28426/2025-EW6-നമ്പർ കത്ത്

ഉത്തരവ്

2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ക്രമ നം.2245 ആയി ഉൾപ്പെടുത്തിയിട്ടുള്ള കുന്നത്തൂർ ഗ്രാമ പഞ്ചായത്തിലെ '**കുന്നത്തൂർ ചിറക്കോട് പാലം (കുന്നത്തൂർ പഞ്ചായത്ത്) നിർമ്മാണം**' എന്ന പ്രവൃത്തിക്ക് 200 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തുക കണക്കാക്കി 40 ലക്ഷം രൂപ വകയിരുത്തിയിട്ടുള്ളതായും ടി പ്രവൃത്തി സമയബന്ധിതമായി നടപ്പാക്കുന്നതിന് സർക്കാർ അക്രഡിറ്റഡ് ഏജൻസികൾ മുഖേന പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി മുഖേന നടപ്പാക്കണമെന്ന് ബന്ധപ്പെട്ട എം.എൽ എ കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ P.M.C.- വ്യവസ്ഥയിൽ ടി പദ്ധതി നിർവഹണം നടത്തുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ സെൻജ് നിരക്കായ 5.5% രേഖപ്പെടുത്തിയ K.E.L.-മുഖേന ടി പ്രവൃത്തി നടത്തുന്നതിന് ഭരണാനുമതി നൽകണമെന്ന് പരാമർശം (2) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ അംഗീകൃത അക്രഡിറ്റഡ് ഏജൻസികളിൽനിന്നും P.M.C.- വ്യവസ്ഥയിൽ ടെണ്ടർ ക്ഷണിക്കുകയും, ഏറ്റവും കുറവ് സെന്റേജ് നിരക്ക് രേഖപ്പെടുത്തിയ M/S.K.E.L. മാമല, കൊച്ചി എന്ന സ്ഥാപനത്തിന്റെ കുറവ് നിരക്ക് സെന്റേജായ 5.5 % നിരക്കിലുള്ള ടെണ്ടർ അംഗീകരിച്ചിട്ടുണ്ടെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ 2024-2025 വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II - വാല്യം II -ൽ ക്രമ നമ്പർ. 2245 ആയി ഉൾപ്പെടുത്തി 20% തുക വകയിരുത്തിയ പ്രവൃത്തികളിൽ ഉൾപ്പെട്ട **"കുത്തന്നൂർ ചിറക്കോട് പാലം (കുത്തന്നൂർ പഞ്ചായത്ത്)"** നിർമ്മാണം എന്ന പ്രവൃത്തി C .T .E .-യുടെ ചുവടെ പറയുന്ന റിമാർക്ക്സിന് വിധേയമായി K.E.L.- മുഖേന നടത്തുന്നതിന് 200 ലക്ഷം രൂപയുടെ ( ഇരുനൂറ് ലക്ഷം രൂപ മാത്രം) ഭരണാനുമതി നൽകിയും, ടി പ്രവൃത്തിക്കാവശ്യമായ ചെലവ് 4515-00-800-92(NP) എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

## Remarks

1. The Chief Engineer shall ensure that the provisions included in the estimate fulfill the functional requirements as envisaged;
2. The T.S. Authority is advised to explore the possibility of making the bridge as single span resting on end piers (instead of four piers ) and accordingly the estimate has to be modified;
3. Before according Technical Sanction, the T.S. authority shall ensure that the admissibility of provisions included in the estimate and the quantities are based on approved design drawings, duly considering stability and economy;
4. Before according Technical Sanction, the competent T.S. authority shall review the RCC retaining wall proposal, exploring the feasibility of replacing it with a rubble retaining wall, and ensure that the proposal conforms to Circular No.87/2016/Fin dated 18.11.2016 and Circular No.64/2021/Fin dated 05.08.2021;
5. The T.S. authority shall ensure the accountability of dismantled materials and verify the correctness of rates adopted for observed data items before issuing Technical Sanction.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ്. (E:3297552/DEV-3/284/2025-Fin dated 10.11.2025) (AS/LGD/25/47661)

ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.

ഇൻഫർമേഷൻ ഓഫീസർ വെബ് & ന്യൂ മീഡിയ വിംഗ്, ഐ.പി.ആർ.ഡി. തിരുവനന്തപുരം

കരുതൽ ഫയൽ. (DB2/734/2025-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Smitha. L
Date: 19-12-2025 13:34:49

സെക്ഷൻ ഓഫീസർ